(സി) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തുന്നതുമായി ബന്ധപ്പെട്ട് 110 റേഷൻ വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി എല്ലാ എ.ആർ.ഡി.കളിലും ഇലക്ട്രോണിക്സ് ത്രാസ് നിർബന്ധമാക്കിയിട്ടുണ്ട്. ആയത് കാർഡ് ഉടമകൾ കാണത്തക്ക വിധം പ്രദർശിപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിലുംപെട്ട കാർഡ് ഉടമകൾക്ക് അർഹമായ റേഷൻ വിതരണം, സ്റ്റോക്ക് വിവരം, വില്പന വില സംബന്ധിച്ച വിവരങ്ങൾ നോട്ടീസ് ബോർഡിൽ കാർഡുടമകൾക്ക് ദൃശ്യമാകും വിധം എഴുതി പ്രദർശിപ്പിക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ 1966-ലെ കെ.ആർ.ഒ. അനുസരിച്ച് കർശന നടപടി സ്വീകരിച്ചു വരുന്നു. റേഷൻ കാർഡുടമകൾക്ക് ലഭിക്കാൻ അർഹതയുള്ള അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ്, വിലവിവരം എന്നിവ വ്യക്തമാക്കികൊണ്ട് 2010 നവംബർ മാസത്തിൽ എല്ലാ പ്രമുഖ പത്രങ്ങളിലും, 'റേഷൻ ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക്' എന്ന തലക്കെട്ടിൽ പരസ്യം പ്രസിദ്ധീകരിക്കുകയും അതിന്റെ പകർപ്പ് എല്ലാ റേഷൻ കടകളിലും പതിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

വിലക്കയറ്റത്തിൽ നിന്നും സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ച നടപടികൾ

74 (1638) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു മാസത്തിനിടെ സവാള, ഉള്ളി തുടങ്ങിയ എല്ലാ പച്ചക്കറികൾക്കും ഉണ്ടായ അമിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇങ്ങനെ പെട്ടെന്ന് ഒരു വിലക്കയറ്റം ഉണ്ടാവാൻ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ രൂക്ഷമായ ഈ വിലക്കയറ്റത്തിൽ നിന്നും സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നാണ് സവാള, ഉള്ളി എന്നിവ കേരളത്തിലെ വിപണികളിൽ എത്തുന്നത്. ഇത്തരം സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന സംസ്ഥാനങ്ങളിലെ കൃഷിനാശം, ഉൽപാദനക്കുറവ്, പ്രതികൂല കാലാവസ്ഥാ മറ്റ് ആഭ്യന്തരപ്രശ്നങ്ങൾ എല്ലാം തന്നെ ഇവയുടെ വിലയിൽ പ്രതിഫലിക്കാറുണ്ട്. അന്യസംസ്ഥാനങ്ങളിലെ ഉൽപാദന കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന വിലയുടെ ഏറ്റക്കുറച്ചിലുകൾ സ്വാഭാവികമായും സംസ്ഥാനത്തെ വിപണിയെയും ബാധിക്കാറുണ്ട്. സപ്ലൈകോയുടെ വിപണി

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടൽമൂലം വില ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളിലും, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ് എന്നിവിടങ്ങളിലും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ക്രിസ്മസ് പ്രമാണിച്ച് ആരംഭിച്ചിട്ടുള്ള പ്രത്യേക ചന്തകളിലും ഇവ ലഭ്യമാണ്. ഇതിനു പുറമേ മറ്റു വകുപ്പുകളുമായി ചേർന്ന് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുള്ള മാർക്കറ്റ് അറ്റ് ഡോർസ്റ്റെപ്സ് എന്ന സഞ്ചരിക്കുന്ന വിൽപ്പനശാലകളിലും പച്ചക്കറി മിതമായ വിലയ്ക്ക് ലഭ്യമാണ്.

മണ്ണെണ്ണ വിതരണത്തിലെ കുറവ്

75 (1639) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ തോത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചില മാസങ്ങളിൽ പ്രഖ്യാപിച്ച മണ്ണെണ്ണയുടെ അളവിലും കുറഞ്ഞ അളവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റേഷൻ കടകളിൽ നിന്ന് പ്രതിമാസം വിതരണം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള മണ്ണെണ്ണയുടെ തോത് താഴെപ്പറയുന്നു.

'ഇ' കാർഡുകൾ - 2 ലിറ്റർ

'എൻ ഇ' കാർഡുകൾ - 5 ലിറ്റർ

കുക്കിംഗ് പെർമിറ്റുകൾ - 6 ലിറ്റർ

(ബി) 2010 മാർച്ച് മാസം വരെ പ്രതിമാസം 23160 കി.ലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രസർക്കാർ അനുവദിച്ചു വന്നിരുന്നത്. ആയത് 18756 കി.ലിറ്ററായി വെട്ടിക്കുറച്ചതിന്റെ ഫലമായി ലഭ്യമായ അലോട്ട്മെന്റിൽനിന്നും 2532 കി.ലിറ്റർ ഹിഷിംഗ് പെർമിറ്റിന് അനുവദിച്ചശേഷം ബാക്കിയുള്ള മണ്ണെണ്ണയാണ് വിതരണത്തിന് ലഭ്യമായിട്ടുള്ളത്. റേഷൻ കാർഡുകളുടെ എണ്ണത്തിന് അനുസരിച്ച് മണ്ണെണ്ണയുടെ അലോട്ട്മെന്റ് കേന്ദ്രസർക്കാരിൽ നിന്നും വർദ്ധിപ്പിച്ച് ലഭിക്കുന്നില്ലായെന്നതിനാലാണ് നിശ്ചിത തോതിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ കഴിയാതെ വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly